(എ) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന് ഈ സാമ്പത്തിക വർഷം എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി; വിശദവിവരം നൽകുമോ;

(ബി) ഇതു കൂടുതൽ ജനകീയമാക്കാൻ സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഒരു 'വിതരണ സ്ഥാപനം' തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന് പ്രസിദ്ധീകരണം സംബന്ധിച്ച ചെലവുകൾക്ക് നടപ്പു സാമ്പത്തികവർഷം 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ഇരുപതോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനും മുപ്പതോളം ഗ്രന്ഥകാരൻമാർക്ക് ഉത്തമ പഠന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം നൽകാനും ഉദ്ദേശിക്കുന്നു. കൂടാതെ സംസ്കാര കേരളം ത്രൈമാസികത്തിന്റെ 4 ലക്കങ്ങൾ പ്രസിദ്ധീകരിക്കാനും ഏറ്റവും നല്ല ലേഖനത്തിന് സംസ്കാരകേരളം അവാർഡ് നൽകാനും ഉദ്ദേശിക്കുന്നു.

(ബി) സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ശേഖരിച്ച് വിൽപന നടത്തുന്നതിനായി ഇപ്പോൾത്തന്നെ 'ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി'എന്ന സ്ഥാപനം തിരുവനന്തപുരത്തും അതിന്റെ പ്രാദേശിക കേന്ദ്രം എറണാകുളത്തും സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

39 (3492) കേരള കലാമണ്ഡലം

ശ്രീ. ജി. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലത്തിൽ ഒരുവർഷം എത്ര കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട് എന്ന് കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) സംവരാണാടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഓരോ വിഭാഗത്തിലും എത്ര സീറ്റുവീതം ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ അദ്ധ്യയനവർഷത്തെ പ്രവേശനത്തിൽ സംവരണം പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുമോ?

ഉത്തരം

(എ) 1999-2000 അദ്ധ്യയന വർഷത്തിൽ 85 കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. കാറ്റഗറി തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

1.	കഥകളി വേഷം	-	15
2.	കഥകളി സംഗീതം	-	5
3.	ചെണ്ട	-	5
4.	മദ്ദളം	-	8
5.	ചുട്ടിയും കോപ്പു പണിയും	-	5
6.	മൃദംഗം	-	4

LIBRARY ARCHIVES Kerala Legislative Assembly

7.	മിഴാവ്	–	4
8.	കൂടിയാട്ടം-പുരുഷവേഷം	–	5
9.	കൂടിയാട്ടം-സ്ത്രീവേഷം	–	5
10.	തിമില	–	5
11.	തുള്ളൽ	–	4
12.	നൃത്തം	–	15
13.	കർണ്ണാടക സംഗീതം	–	5
			85

(ബി) 1999-2000 അദ്ധ്യയനവർഷത്തിൽ പട്ടികജാതിക്കാർക്ക് താഴെ പ്പറയും പ്രകാരം പ്രവേശനം നൽകിയിട്ടുണ്ട്.

1.	കഥകളിവേഷം	–	1
2.	കഥകളി സംഗീതം	–	1
3.	ചെണ്ട	–	2
4.	മദ്ദളം	–	1
5.	ചുട്ടിയും കോപ്പു പണിയും	–	0
6.	മൃദംഗം	–	1
7.	മിഴാവ്	–	0
8.	കൂടിയാട്ടം-പുരുഷവേഷം	–	0
9.	കൂടിയാട്ടം-സ്ത്രീവേഷം	–	1
10.	തിമില	–	0
11.	തുള്ളൽ	–	1
12.	നൃത്തം	–	2
13.	കർണ്ണാടക സംഗീതം	–	3
		ആകെ	13

(സി) സംവരണ തത്വം പൂർണ്ണമായി പാലിച്ചിട്ടുണ്ട്.

40 (3493) അനുഷ്ഠാന കലാദ്ധ്യാപനം

ശ്രീ. കെ. ബാബു :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഷ്ഠാനകലകൾ പഠിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) ഇവയിൽ ഗവൺമെന്റ് ആഭിമുഖ്യത്തിൽ നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly